# മിഠായി മാഷ്



**സജദിൽ മുജീബ്**

വെളുത്ത ഖദർജുബ്ബയും മുണ്ടുമുടുത്ത് തോളിൽ സഞ്ചിയും തൂക്കി കൈയിലെ കുട നിലത്തുകുത്തി 'മിഠായി മാഷ്' നടന്നുവരുന്ന കാഴ്ച. അതൊരു നല്ല കാഴ്ച തന്നെയായിരുന്നു. സഞ്ചിയിൽ എപ്പോഴുമുണ്ടാകും നാരങ്ങാമിഠായികൾ. മൂളിപ്പാട്ടും പാടി സ്കൂളിലെത്തുമ്പോൾ കുട്ടികൾ ഓടിയെത്തും. എല്ലാവർക്കും മാഷ് മിഠായി നൽകും. ഇന്നുവരെ ആരെയും ഒരു നോട്ടംകൊണ്ടുപോലും നോവിച്ചിട്ടില്ല.

മാഷിന്റെ രണ്ട് മക്കളും വിദേശത്ത് വലിയ ഉദ്യോഗസ്ഥരാണ്. അമ്മയില്ലാത്ത ദുഃഖം അറിയിക്കാതെയാണ് മാഷവരെ വളർത്തിയത്. ആ ചെറിയ വീട്ടിൽ പ്രാവ്, തത്ത, മുയൽ, പൂച്ച തുടങ്ങി വിവിധ തരം പക്ഷിമൃഗാദികൾക്കൊപ്പം അവർക്കെല്ലാം അച്ഛനായാണ് മാഷ് വിശ്രമജീവിതം നയിക്കുന്നത്.

അന്ന് സായാഹ്നസവാരി കഴിഞ്ഞെത്തിയ മാഷ് കണ്ടത് വീട്ടുമുറ്റത്ത് കാറുകൾ കിടക്കുന്ന കാഴ്ചയാണ്. മാഷ് സന്തോഷിച്ചു. മക്കളെല്ലാവരും എത്തിയിരിക്കുന്നു. ''അച്ഛനെ ഞങ്ങൾ കാത്തി

**സാരെ ജഹാംസെ അച്ഛാ എന്ന ദേശഭക്തി ഗാനത്തിന്റെ രചയിതാവ്– അല്ലാമാ ഇഖ്ബാൽ**

രിക്കുകയായിരുന്നു.'' കണ്ടപാടെ മൂത്ത മകൻ പറഞ്ഞു: ''ഞങ്ങൾക്ക് ഇന്നു തന്നെ പോകണം. ഒരു കാര്യം പറയാനാണു വന്നത്.. ഈ വീടും പറമ്പും ഞങ്ങൾ വിറ്റു..''

മാഷിന്റെ മുഖം വാടി. ആകെയുള്ള സമ്പാദ്യം അവർക്കെഴുതിക്കൊടുക്കുമ്പോൾ നിറഞ്ഞ സ്നേഹമായിരുന്നു. എങ്കിലും ഒരു വാക്കു പോലും ചോദിക്കാതെ..

''അച്ഛന് താമസിക്കാൻ ഞങ്ങൾ മറ്റൊരിടത്ത് ഏർപ്പാട് ചെയ്തിട്ടുണ്ട്. നാളെ കഴിഞ്ഞ് ഈ അഡ്രസിൽ ചെന്നാൽ മതി..'' അയാൾ മാഷിന് നേരെ ഒരു വിസിറ്റിംഗ് കാർഡ് നീട്ടി.

ഒന്നും മിണ്ടാതെ മാഷ് വീടിന്റെ അകത്തേക്ക് കയറി. കുഞ്ഞുമക്കളുടെ കവിളിലും നെറ്റിയിലും ചുംബിച്ചു. കൈയിലെ മിഠായിപ്പൊതി അവർക്ക് നൽകി.

രാത്രിയായപ്പോഴേക്കും അവർ പോയി. മാഷ് മൂകനായി. അന്ന് അത്താഴം കഴിച്ചില്ല. ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു.

പിറ്റേന്ന് രാവിലെ പുറത്തിറങ്ങിയ മാഷ് കണ്ടത് തെങ്ങിൻതടത്തിൽ ചിതറിക്കിടക്കുന്ന മിഠായിപ്പൊതിയാണ്. മാഷ് അടങ്ങാത്ത വേദനയോടെ പൊട്ടിക്കരഞ്ഞു.

നാളെ അവരെത്തും. ഈ വീട് പൊളിച്ച് റിസോർട്ട് പണിയാൻ. അതിനുമുമ്പ് ജീവിതത്തിലെ എല്ലാ നന്മകളും സഞ്ചിയിലാക്കി ഇവിടം വിടണം..

നന്മ നിറഞ്ഞ മറ്റൊരിടം തേടണം. മകൻ കൈയിലേൽപ്പിച്ച വൃദ്ധസദനത്തിന്റെ വിസിറ്റിംഗ് കാർഡ് ചീന്തിയെറിഞ്ഞ് മാഷ് നടന്നു...

✦



# പ്രാർഥന

ഭാനുമതി മേനോൻ

നെല്ലിൽ പതിരുകളെന്നതു പോൽ
വാക്കിൽ പിഴവുകൾ വന്നുപെടും
ഉപ്പും പുളിയും തട്ടും നാക്കിൽ
തപ്പുകൾ പലതും പറ്റീടും
പകലുണ്ടെങ്കിൽ ഇരവുണ്ടാം
വെയിലിനു മഴയുമുറപ്പല്ലോ
കുന്നും കുഴികളുമെന്നതു പോൽ
സുഖ ദുഃഖങ്ങൾ മാറിവരും
ജീവികളെല്ലാം മൃതരാകും
ബാലകൾ വൃദ്ധരുമായ് ചമയും
ചെടിയിൽ മുള്ളുകളേന്താതെ
വിടരുകയില്ലൊരു പനിനീരും.
നമ്മൾ ചെയ്യും കർമ്മങ്ങൾ
നന്മകളായി ഭവിച്ചീടാൻ
സർവ്വാധിപനോടർത്ഥിക്കാം
സർവ്വേശ്വരനെ വണങ്ങീടാം.

✦

## അമേരിക്കൻ പതാക



യു.എസ് പതാകയിലെ പതിമൂന്ന് നാടകൾ (Strips), ആ രാജ്യം സ്വതന്ത്രമായപ്പോൾ ഉള്ള 13 സംസ്ഥാനങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. യു.എസ്. പതാകയിലെ 50 നക്ഷത്രങ്ങൾ അമേരിക്കയിലെ 50 സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്നു.

കാപ്പിച്ചെടിയുടെ ജൻമദേശം – എത്യോപ്യ